A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

712

# വാർഷിക മൂല്യനിർണയം 2015-2016

## മലയാളം

## അടിസ്ഥാനപാഠാവലി

സമയം: 2 മണിക്കൂർ

ക്ലാസ്സ് VII

---

നിർദ്ദേശങ്ങൾ :

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

പ്രവർത്തനം 1

എൻ.വി.കൃഷ്ണവാര്യരുടെ 'വെള്ളപ്പൊക്കം' എന്ന കവിതയിൽ മഴയുടെ വരവ് നിങ്ങൾ ആസ്വദിച്ചല്ലോ. ഈ ആശയവുമായി ബന്ധപ്പെട്ട് മറ്റൊരു കവിത വായിക്കാം .

**കവിഹൃദയമോ നീ വിഹഗമോ ?**

കാറ്റു വിളിച്ചു പറഞ്ഞതോ !
പെട്ടെന്നു
കാട്ടാന പോലെ കറുത്തു
പൊങ്ങി
കേറി വരുന്നു കരിമുകി-
ലൊന്നതാ
ദൂരെ കിഴക്കൻ മലയിറങ്ങി!

ഇടിയിരമ്പുന്നു പൊടുന്നനെ!
മിന്നലിൻ
കൊടികാവി വീശുന്നു പാറിടുന്നു
-----------------------------------
-----------------------------------
ഒരു വനമാലതൻ തുമ്പു പോ-
ലൊരു തുണ്ടു
മഴവില്ലു കാറ്റിൽ പറന്നു വീഴ്വൂ!

അഴികൾ നെടും മരക്കൂട്ടമായ്
മാറുന്നു!
നിഴലുകളാടിത്തുടങ്ങിടുന്നൂ!

വരൂ വരൂ വേഗമെന്നാരോ വിളിക്കവേ
മയിലുണരുന്നു *പ്രസന്നമായി
(തുലാവർഷപ്പച്ച)

(സുഗതകുമാരി)

*(പ്രസന്നമായി -സന്തോഷമായി)

(എ) താഴെ കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തി കവിതക്ക് ആസ്വാദനം തയ്യാറാക്കുക.

- മഴയുടെ വരവിന്റെ ഗാംഭീര്യം
- പ്രകൃതിയിലെ മാറ്റങ്ങൾ

(ബി) കേറി വരുന്നു കരിമുകിലൊന്നതാ -അടിവരയിട്ട പദത്തിന് സമാന പദം എഴുതുക.

പ്രവർത്തനം 2

അർഷാദ് ബത്തേരിയുടെ 'മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും' എന്ന കഥ വായിച്ചല്ലോ. അതിന്റെ തുടക്കം ഇങ്ങനെയാണ്.വായിച്ചു നോക്കൂ.

ഭൂമിയുടെ ഉറപ്പുള്ള വിത്തുകളായി നിൽക്കുകയാണ് കുന്നുകൾ.മണ്ണിനടിയിൽ നിന്നും പുറമേക്ക് മുളച്ചു കിടക്കുന്ന കുന്നുകൾക്ക് മുകളിലൂടെ,മേഘങ്ങൾ സൂര്യച്ചുവപ്പ് കലർത്തി നീട്ടി ഒഴിച്ച ചുവന്ന ആകാശത്തിനു കീഴിലൂടെ,ചിറകുകൾ ഒതുക്കിയും നിവർത്തിയും വരികയാണ് ഒരു കൂട്ടം പക്ഷികൾ.കാറ്റിന്റെ ഗതിതാളങ്ങളെ വകഞ്ഞ് മാറ്റി താഴ്ന്നും പൊങ്ങിയും അവർ തങ്ങളുടെ വീട്ടിലേക്ക് മടങ്ങിവരികയാണെന്ന് ഉള്ളിലെഴുതി, കണ്ണുകളെ പട്ടം പോലെ ഉയരത്തിലേക്ക് കുതിക്കാൻ വിട്ട് നിൽക്കുകയാണ് ഉത്തമൻ.

(എ) ഉത്തമൻ കണ്ട ഈ കാഴ്ച ഇഷ്ടമായില്ലേ ?
ഇത്തരം ദൃശ്യാനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാകും
മനസിൽ മായാതെ നിൽക്കുന്ന ഒരു ദൃശ്യത്തെക്കുറിച്ച് വിവരണം തയ്യാറാക്കൂ.

(ബി) മാതൃക പോലെ മാറ്റിയെഴുതു.

| | | |
|---|---|---|
| പ്രതീക്ഷിക്കാത്തത് | : | അപ്രതീക്ഷിതം |
| അവിചാരിക്കാത്തത് | : | ........................................ |

പ്രവർത്തനം 3

സ്വാർത്ഥതാൽപ്പര്യത്തിനു വേണ്ടി മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് നാമെല്ലാം സാക്ഷികളാണ് .ഈ കവിത വായിക്കൂ.

ഉമ്മറക്കോലായിൽ നിന്ന്
രാത്രിയിൽ എടുത്തുവെയ്ക്കാൻ മറന്ന കിണ്ടി
കളവുപോയതുപോലെ
വയൽക്കരയിലുള്ള ഒരു കുന്ന്
പുലർച്ചക്ക് കാണാതായി.
(കാറ്റേ കടലേ) (പി.പി.രാമചന്ദ്രൻ)

'അശാന്തിയുടെ വേനലിലെ കുളിര് "എന്ന പാഠഭാഗത്തെ ആശയവും ഇതു തന്നെയാണല്ലോ

(എ) നിങ്ങളുടെ പ്രദേശത്ത് അനുഭവപ്പെടുന്ന ഒരു പാരിസ്ഥിതിക പ്രശ്നം മുൻനിർത്തി, കളക്ടർക്ക് സമർപ്പിക്കുന്നതിനായി ഒരു നിവേദനം തയ്യാറാക്കുക.
* താഴെ കൊടുത്തിരിക്കുന്ന സൂചനകൾ ശ്രദ്ധിക്കുമല്ലോ.

* പ്രശ്നവും അതിന്റെ പ്രത്യാഘാതങ്ങളും
* പരിഹാര നിർദ്ദേശങ്ങൾ
* അടിയന്തിര നടപടികൾ

(ബി) മാതൃക പോലെ മാറ്റിയെഴുതു.

| | | |
|---|---|---|
| നിർമ്മലം | : | നൈർമ്മല്യം |
| ചപലം | : | ______________ |

പ്രവർത്തനം 4

ടി.പത്മനാഭന്റെ 'അശ്വതി' എന്ന കഥയിലെ ഒരു സന്ദർഭം നോക്കൂ.

ഞാൻ ഒന്നും പറയാതെ ഒരു ലോലിപ്പോപ്പെടുത്തു കുട്ടിയുടെ കൈയിൽ വെച്ചുകൊടുത്തു. കുട്ടി മടിച്ചപ്പോൾ ഞാൻ അവളെ എന്നോട് ചേർത്തു പിടിച്ചു. അവളുടെ കണ്ണുകളിൽ ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞു. 'ഇത് നിനക്കാ, വാങ്ങിക്കോ' .

ഇടശ്ശേരിയുടെ കൊച്ചനുജൻ എന്ന കവിതയിലും സ്നേഹം തന്നെയാണ് പ്രധാന വിഷയം. താഴെ കൊടുത്തിരിക്കുന്ന വരികൾ വായിച്ചു നോക്കു.

> പോവുകയാണ് നീ വേറെയെങ്ങോ
> പൊന്നനുജാതനെ കൂട്ടിടാതെ
> പാവയും പീലിയും ചേച്ചിയെ കാണാതെ
> പാവം കരയുകിലെന്തു ചെയ്യും ?

(എ) കഥയിലെയും കവിതയിലെയും പ്രമേയം സ്നേഹമാണെങ്കിലും അത് പ്രകടമാവുന്നത് ഒരുപോലെയല്ല.രണ്ടിലെയും സാമ്യവ്യത്യാസങ്ങൾ വിശദീകരിച്ചു കൊണ്ട് ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

(ബി) "എൻ നേർക്കതിലൊരാൾ പുഞ്ചിരിക്കൊണ്ടപ്പോ -
ളൊന്നിടിക്കാനെൻ മനസ്സിൽ വന്നു".

ഈ വരികളിൽ നിന്നു കുട്ടിയുടെ മനസ്സിൽ പ്രകടമാവുന്ന വികാരം ഏതെന്ന് ബ്രായ്ക്കറ്റിൽ നിന്നു കണ്ടെത്തി എഴുതുക.?

(സ്നേഹം.ദ്വേഷ്യം,നിരാശ)

പ്രവർത്തനം 5

> 'വീടുകൾ അടച്ചു പൂട്ടിയായിരുന്നില്ല ആളുകൾ നാടകം കാണാൻ പോയിരുന്നത്.മുൻവാതിൽ വെറുതെ ചാരിയേക്കും.അത്രമാത്രം.

സി.വി ബാലകൃഷ്ണന്റെ 'അരങ്ങ് ഉണരുന്നു' എന്ന പാഠഭാഗത്ത് മുൻ കാലങ്ങളിലെ ദേശക്കൂട്ടായ്മയെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്.

(എ) പുതിയ കാലത്ത് ഇത്തരം കൂട്ടായ്മകൾ എത്രത്തോളമുണ്ട്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കു.

(ബി)കൂട്ടുകാർ അവനെ ചെണ്ടകൊട്ടിക്കുക പതിവായിരുന്നു.

അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർത്ഥം ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തി എഴുതുക.

(ചതിക്കുക,ദേഷ്യപ്പെടുക,പരിഹസിക്കുക)